# പൊതുചോദ്യങ്ങൾ

1. ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് ചുറ്റുമുള്ളവരിൽ അതിന്റെ ദൂഷ്യഫലങ്ങൾ മനസിലാക്കികൊടുക്കാൻ എന്തുചെയാൻ സാധിക്കും.
2. നിങ്ങളെ ഒരു നേതാവായി തെരഞ്ഞെടുത്താൽ സമുഹത്തിന് എന്തെല്ലാം നന്മകൾ ചെയ്തു കൊടുക്കും
3. മാതാപിതിക്കൾക്ക് വിധേയപ്പെടാതെ കംപ്യൂട്ടർ ഗെയിമുകൾക്ക് അടിമയായി പഠനത്തിൽ മോശക്കാരനായ ഒരു കൂട്ടുക്കാരനെ അതിൽ നിന്ന് എങ്ങനെ രക്ഷപ്പെടുത്താം.
4. പ്രാർത്ഥനയുടെ ശക്തി നിങ്ങൾ അനുഭവിച്ചത് എപ്രകാരമാണ്? ഈശോയുടെ സ്നേഹം അനുഭവിച്ച സാഹചര്യങ്ങൾ വിവരിക്കാമോ ?
5. വിശുദ്ധി, ശാരീരികമായും മാനസികമായും ആത്മീയമായും എങ്ങനെ പാലിക്കാൻ സാധിക്കും.
6. നിങ്ങളുടെ ദേവാലയത്തിലെ തിരുന്നാളുകൾ കൂടുതൽ ആത്മീയനുഭവം പകരുന്നതാവാൻ എന്തൊക്കെ ചെയ്യണം എന്നാണ് നിങ്ങളുടെ അഭിപ്രായം. വിശദമാക്കുക.
7. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അനുദിന ജീവിതത്തിലൂടെ തിരുവചന കേന്ദ്രീകൃതമായി അവയെ എങ്ങനെ നേടിയെടുക്കാമെന്ന് വിശദീകരിക്കാമോ ?
8. ദുശീലങ്ങളിലോ, പാപസാഹചര്യങ്ങളിലോ അകപ്പെട്ടിരിക്കുന്ന നിങ്ങളുടെ കൂട്ടുക്കാരെ എങ്ങനെ അതിൽ നിന്ന് നല്ല ജീവിതത്തിലേക്ക് തിരിച്ച്കൊണ്ടുവരാനാകും.
9. അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ആയിക്കൂടാ. ഒരു വിശുദ്ധൻ/വിശുദ്ധയാകാൻ നിങ്ങളെ തന്നെ എങ്ങനെ ഒരുക്കും ?
10. മാതാപിതാക്കൾ നിങ്ങളോട് എങ്ങനെ ആയിരിക്കണമെന്നാണ് ആഗ്രഹിക്കുന്നത് ? മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന്റെ പ്രസക്തിയെന്ത് ?
11. വിശ്വസവളർച്ചയിൽ നിങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഏവ ? സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും, എന്നീ തലങ്ങളെ ആശ്രയിച്ച് വിശദീകരിക്കുക ?
12. 'നന്മ ചെയുന്നതിനും നമുക്കുള്ളത് പങ്കുവക്കുന്നതിനും വൈമനസ്യം കാണിക്കരുത്' എന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. വൃദ്ധരും രോഗികളും നിരാലംബരും ദുരിതമനുഭവിക്കുന്നവരുമായ സഹോദരങ്ങൾക്ക് സന്തോഷം പകരാനും, സമയവും ആരോഗ്യവും സമ്പത്തും അവരുമായി പങ്കുവക്കുവാനും നമുക്ക് എന്തൊക്കെ ചെയ്യാനാകും ?
13. തിന്മയിലേക്ക് നയിക്കുന്ന പ്രലോഭകൻ എങ്ങനെയാണ് ഇന്നത്തെ കൗമാരക്കാരെ സ്വാധീനിക്കുന്നത് ?
14. എല്ലാ തൊഴിലും മാന്യതയുള്ളതാണ് എന്ന ബോധ്യം പുതുതലമുറയിൽ ഉണർത്താൻ നമുക്ക് കാർഷിക മേഖലയിലേക്ക് ഒന്ന് കടന്നാലോ? കാർഷിക മേഖല കൂടുതൽ ഉണർവുള്ളതാക്കാൻ വീട്ടിലും ഇടവകയിലും വിദ്യാലയത്തിലും ചെയാൻ സാധിക്കുന്ന പുതിയ പദ്ധതികൾ വിശദീകരിക്കാമോ ?
15. കേരളത്തിലെ വിശുദ്ധരെയും അവരുടെ സുകൃതങ്ങളെയും, അവർ സമൂഹത്തിന് നൽകിയ സംഭാവനകളെയും കുറിച്ച് വിശദീകരിക്കുക ?
16. " ക്രൈസ്തവ ജീവിതം സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനമാണ് " സ്വർഗ്ഗം സ്വന്തമാക്കാൻ നിങ്ങൾക്ക് ചെയാവുന്ന സുകൃതങ്ങൾ ഏവയെന്ന് വിശദീകരിക്കുക ?
17. ഇടവകയുടെ സമഗ്രമായ വളർച്ചയ്ക്ക് കുടംബക്കൂട്ടായ്മയും ഭക്തസംഘടനകളും എപ്രകാരം പ്രയോജനപ്പെടുത്താമെന്ന് വിശദീകരിക്കുക ?
18. അമിതവേഗവും അക്ഷമയും നിരന്തരമായ റോഡപകടങ്ങൾക്ക് കാരണമാകുന്നു. റോഡപകടങ്ങൾ എങ്ങനെ ഒഴിവാക്കാമെന്ന് , "ശ്രദ്ധ മരിക്കുമ്പോൾ അപകടം ജനിക്കുന്നു" എന്ന വഴിയോര മുന്നറിയിപ്പിനെ ആസ്പദമാക്കി ഒരു പ്രസംഗം തയാറാക്കുക.
19. ദിവ്യബലി ജീവിത ബന്ധിയും അനുഭവവും ആക്കാൻ ഏതെല്ലാം തരത്തിൽ നാം ഒരുങ്ങണം ?
20. കത്തോലിക്ക കുടുംബങ്ങൾ മാതൃകയാക്കേണ്ട കുടുംബമേത് ? ഇന്ന് നമ്മുടെ കുടംബ ബന്ധങ്ങളെ തകർത്തുകൊണ്ടിരിക്കുന്ന മാധ്യമങ്ങളേവ ? ഇവയ്ക്കെതിരെ വിശ്വാസപരിശീലനത്തിലായിരിക്കുന്ന നിങ്ങൾക്ക് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തി വിശദീകരിക്കാമോ ?